പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 876

08/03/2012 ൽ മറുപടിക്ക്

## എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നുള്ള ഭക്ഷ്യധാന്യ വിതരണം

**ചോദ്യം**

ശ്രീ. എസ്. രാജേന്ദ്രൻ

**ഉത്തരം**

ശ്രീ.ഷിബുബേബിജോൺ
(തൊഴിലും പുനരധിവാസവും ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങൾ കൃത്യമായി വിതരണം ചെയ്യാറുണ്ടെന്ന് ഉറപ്പുവരുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | എഫ്.സി.ഐ ഡിപ്പോകളിൽ നിന്നുള്ള വിതരണം മുടക്കം കൂടാതെ നടക്കാനാവശ്യമായ സ്റ്റോക്ക് ലഭ്യമാക്കാൻ എഫ്.സി.ഐ ശ്രദ്ധിക്കാറുണ്ട്. ഓരോ മാസത്തെയും ഭക്ഷ്യധാന്യങ്ങളുടെ ജില്ല തിരിച്ചുള്ള അലോട്ട്മെന്റ് തലേമാസം തന്നെ സിവിൽ സപ്ലൈസ് ഡയറക്ടർ സബ് അലോക്കേറ്റ് ചെയ്തു നല്കുകയും ആവശ്യമായ സബ്സിഡി തുക എഫ്.സി.ഐ.യിൽ ഒടുക്കുകയും ചെയ്യാറുണ്ട്. വിതരണത്തിനു മുമ്പ് ജില്ലാ സപ്ലൈ ഓഫീസർമാർ ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ട്. കൂടാതെ വിട്ടെടുക്കൽ സമയത്ത് നിരീക്ഷണത്തിനായി റേഷനിംഗ് ഇൻസ്പെക്ടർമാരെ നിയോഗിക്കാറുണ്ട്. ദിനം പ്രതിയുള്ള വിട്ടെടുക്കൽ വിവരങ്ങൾ സിവിൽ സപ്ലൈസ് ഡയറക്ടറുടെ കാര്യാലയത്തിൽ ശേഖരിക്കാറുണ്ട്. ഏതെങ്കിലും എഫ്.സി.ഐ ഡിപ്പോയിൽ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് ലഭ്യമല്ലാതെ വരികയാണെങ്കിൽ മറ്റു ഡിപ്പോകളിൽ നിന്നും സ്റ്റോക്ക് വിട്ടു നല്കി വിതരണം സുഗമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഏതെങ്കിലും എഫ്.സി.ഐ. ഗോഡൗണിൽ വിതരണം ചെയ്യാതെ ഭക്ഷ്യധാന്യം കെട്ടിക്കിട ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കഴകൂട്ടം എഫ്.സി.ഐ. ഗോഡൗ ണിൽ നിന്നുള്ള ഭക്ഷ്യധാന്യ വിതരണം ഒരു മാസമായി നിലച്ചിരി ക്കുകയാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) | കഴകൂട്ടം എഫ്.സി.ഐ. ഗോഡൗണി ൽ ഡി.പി.എസ്. തൊഴിലാളി കളുടെ സമരം മൂലം 01/02/2012 മുതൽ 23/02/2012 വരെ വിതരണം ഭാഗിക മായി മുടങ്ങുകയുണ്ടായി. തുടർന്ന് സമരം ഒത്തു തീർപ്പാക്കി ഇപ്പോൾ സുഗമമായി വിട്ടെടുപ്പ് നടന്നു വരുന്നുണ്ട്. |
| (ഡി) | ഇതുമൂലം തിരുവനന്തപുരം ജില്ല യിലെ റേഷൻ കടകൾ ഭക്ഷ്യധാന്യ സ്റ്റോക്ക് ഇല്ലാതെ അടച്ചിട്ടിരിക്കു കയാണെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ഡി) | ഇല്ല. |
| (ഇ) | ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ? | (ഇ) | തൊഴിലാളികളുടെ സമരം പരിഹരി ക്കുന്നതിന് നിരവധി ചർച്ചകൾ നടത്തുകയുണ്ടായി. ജില്ലാ സപ്ലൈ ഓഫീസർ,ജില്ലാ കളക്ടർ,ജില്ലാ ലേബർ ഓഫീസർ,ലേബർ കമ്മീഷണർ, ഭക്ഷ്യവകുപ്പ് സെക്രട്ടറി, ബഹു.ഭക്ഷ്യമന്ത്രി എന്നിവരുടെ അധ്യക്ഷതയിൽ നിരവധി ചർച്ചകൾ നടത്തുകയുണ്ടായി. 23/02/2012ന് ഭക്ഷ്യസെക്രട്ടറിയുടെ അധ്യക്ഷത യിൽ, ബഹു.എം.പി. ശ്രീ.എ.സമ്പത്ത്, ബഹു.എം.എൽ.എ. ശ്രീ.എം.എ. വാഹിദ് എന്നിവർ പങ്കെടുത്ത യോഗത്തിൽ സമരം ഒത്തുതീർപ്പിലെ ത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ